# കൈത്താക്കാലം
## വചന വിചിന്തനം
## കൈത്താക്കാലം നാലാം ഞായർ
### മർക്കോസ് 7,1–13

"കർത്താവ് ശക്തമായി പ്രതികരിക്കുന്നു,
'മനസ് ശുദ്ധമല്ലാത്തവർ കൈ ശുദ്ധമല്ലാത്തവരെ വിധിക്കുമ്പോൾ!'
ആദ്ധ്യാത്മിക ജീവിതത്തിലെ ഏറ്റവും വലിയ അപകടം
ആത്മാർത്ഥതയില്ലായ്മയാണ്."

മനുഷ്യനെ സ്വർഗ്ഗത്തോളമെത്തിക്കാൻ ഭൂമിയോളം താഴ്ന്നവൻ പഠിപ്പിച്ചിട്ടുളളത് ഒന്ന് മാത്രം; "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35).

ഒരു ഓപ്പറേഷനു വേണ്ടി കമാഡോകളെ സെലക്ട് ചെയ്യുന്നു. കമാഡർ ആദ്യത്തെ ആളെ വിളിച്ചു കൈയിൽ ഗണ് കൊടുത്തിട്ടു പറഞ്ഞു: "ആ മുറിയിൽ കയറി, അവിടെ കാണുന്ന ആളെ ഷൂട്ട് ചെയ്ത് കൊല്ലണം. കാണുന്നത് നിങ്ങളുടെ ഭാര്യയെ ആയാൽ പോലും വെടിവെക്കണം."

"സോറി സർ... എന്റെ ഭാര്യയെ കൊല്ലാൻ എനിക്ക് പറ്റില്ല."

"നിങ്ങളെ ഈ ജോലിക്കു പറ്റില്ല... ഭാര്യയേയും കൂട്ടി സ്ഥലം വിട്ടോളു."

രണ്ടാമത്തെ ആളെ വിളിച്ചു കൈയിൽ ഗണ് കൊടുത്തിട്ടു പറഞ്ഞു: "ആ മുറിയിൽ കയറി, അവിടെ കാണുന്ന ആളെ ഷൂട്ട് ചെയ്ത് കൊല്ലണം. കാണുന്നത് നിങ്ങളുടെ ഭാര്യയെ ആയാൽ പോലും വെടിവെക്കണം."

അയാൾ തോക്കുമായി മുറി തുറന്നു. ഭാര്യയെ അതിനുള്ളിൽ കണ്ടതോടെ പിന്മാറി. "സോറി സർ... എന്റെ ഭാര്യയെ കൊല്ലാൻ എനിക്ക് പറ്റില്ല."

"നിങ്ങളെ ഈ ജോലിക്കു പറ്റില്ല. ഭാര്യയേയും കൂട്ടി സ്ഥലം വിട്ടോളു."

മൂന്നാമത്തേത് ഒരു വനിതാ കമൻഡോ ആയിരുന്നു. അവരുടെ കൈയിൽ ഗണ് കൊടുത്തിട്ടു പറഞ്ഞു: "ആ മുറിയിൽ കയറി കാണുന്ന ആളെ ഷൂട്ട് ചെയ്ത് കൊല്ലണം. കാണുന്നത് നിങ്ങളുടെ ഭർത്താവിനെ ആയാൽ പോലും വെടിവെക്കണം." അവർ തോക്കുമായി മുറിയിൽ കയറി. വാതിലടഞ്ഞു. അതിൽ നിന്ന് വലിയ ഒച്ചയും കരച്ചിലും. അഞ്ചുമിനുട്ട് കഴിഞ്ഞ് വാതിൽ തുറന്ന് കമാൻഡോ വെളിയിൽ വന്നു.

"നിങ്ങളുടെ ഭർത്താവിനെ എന്ത് ചെയ്തു?" കമാഡർ ചോദിച്ചു. നെറ്റിയിലെ വിയർപ്പ് തുടച്ച് അവർ പറഞ്ഞു:

"ഈ ഗണ്ണിൽ ബുള്ളറ്റൊന്നും ഇല്ലായിരുന്നു സർ. അതുകൊണ്ട് പാത്തി ക്കടിച്ചാണു കൊന്നത്!"

കഥയറിയാതെ ആട്ടം കാണുന്നവരുടെ ലോകത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ട് തന്നെ കഥയറിയാതെ തന്നെ ആട്ടവും കണ്ടുകൊണ്ടിരിക്കുകയാണ് നമ്മൾ. കർത്താവ് ഇതിനെ ശക്തമായി എതിർക്കുന്നു. ക്രിസ്തുവിന്റെ അടുത്ത് ഫരിസേയർ ക്രിസ്തുശിഷ്യൻമാരുടെ ചെയ്തികളെ ചൂണ്ടികാണിച്ച് ഒരു ചോദ്യം ഉന്നയിക്കുന്നു, "ഫരിസേയരും നിയമജ്ഞരും അവനോടു ചോദിച്ചു: നിൻെറ ശിഷ്യൻമാർ പൂർവികരുടെ പാരമ്പര്യത്തിനു വിപരീതമായി അശുദ്ധമായ കൈകൊണ്ടു ഭക്ഷിക്കുന്നത് എന്ത്?" (മർക്കോസ് 7,5).

ഇതിനെ ക്രിസ്തു ന്യായികരിക്കുന്നില്ല. മറിച്ച്, ആദ്ധ്യാത്മിക ജീവിതത്തിൽ സംഭവിക്കാവുന്ന ഒരു തിൻമയെ വരച്ച് കാണിക്കുന്നു. നിങ്ങൾ അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, നിങ്ങളുടെ ഹൃദയം

ദൈവത്തിൽ നിന്നു വളരെ ദൂരെയാണ്. ദൈവത്തിൻെറ കൽപന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെപ്പിടിക്കുന്നു.

ഇതിന് ക്രിസ്തു ഒരു ഉദാഹരണവും ചൂണ്ടികാണിക്കുന്നു. നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. പിതാവിനെയോ മാതാവിനെയോ ദുഷിച്ചു പറയുന്നവൻ മരിക്കട്ടെ എന്നു മോശ പറഞ്ഞിട്ടുണ്ട്. എന്നിട്ടും, ഒരുവൻ തൻെറ പിതാവിനോടോ മാതാവിനോടോ നിങ്ങൾക്ക് എന്നിൽനിന്നു ലഭിക്കേണ്ടത് കൊർബ്ബാൻ – അതായത് വഴി പാട് – ആണ് എന്നു പറഞ്ഞാൽ മതി എന്നു നിങ്ങൾ പറഞ്ഞ് ഉപേക്ഷിക്കാം. ഇപ്രകാരം, നിങ്ങളുടെ പാരമ്പര്യത്തിന് വേണ്ടി ദൈവവചനം വ്യർഥകമാക്കുന്നു.

അധരത്തെയും ഹൃദയത്തെയും വിവേചിച്ചറിയുന്നവനാണ് ദൈവം. മനസ് ശുദ്ധമല്ലാത്തവർ കൈ ശുദ്ധമല്ലാത്തവരെ വിധിക്കുകയും വിമർശിക്കുകയും ചെയ്യുമ്പോൾ കർത്താവ് ശക്തമായി ഇടപെടുന്നു.

"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്. വ്യർഥമായി അവർ എന്നെ ആരാധിക്കുന്നു; മനുഷ്യരുടെ കൽപനകൾ പ്രമാണങ്ങളായി പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ കൽപന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെപ്പിടിക്കുന്നു. അവൻ (ക്രിസ്തു) തുടർന്നു: നിങ്ങളുടെ പാരമ്പര്യം പാലിക്കാൻ വേണ്ടി നിങ്ങൾ കൗശലപൂർവം ദൈവകൽപന അവഗണിക്കുന്നു" (മർക്കോസ് 7,6-9).

**മനുഷ്യന് വേണ്ടി ജീവിച്ച ഒരു ദൈവമുണ്ട്. അവന് ഒറ്റ ഭാഷയെ ഉണ്ടായിരുന്നൊള്ളു; "നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34).**

ഇതിനർത്ഥം പാരമ്പര്യം വേണ്ട എന്നതല്ല. മറിച്ച്, മനുഷ്യനിർമ്മിതമായ പാരമ്പര്യത്തിന് വേണ്ടി ദൈവീക കൽപ്പനകളെ വ്യർത്ഥമാക്കരുത് എന്നാണ്. പ്രൊട്ടസ്റ്റൻ്റ് സഭകളും വിവിധ സെക്റ്റുകളും പാരമ്പര്യങ്ങൾ മനുഷ്യനിർമ്മിതമാണെന്നും ദൈവവീക കൽപ്പനകൾ മാത്രം മുറുകെ പിടിച്ചാൽ മതിയെന്നും പഠിപ്പിക്കുന്നുണ്ട്. ഇത് തെറ്റാണെന്ന് വചനത്തിന്റെ താളുകളിലൂടെ യാത്ര ചെയ്യുമ്പോൾ വ്യക്തമാകും.

"സഹോദരരേ, ഞങ്ങൾ വചനം മുഖേനയോ കത്തുമുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള <u>പാരമ്പര്യങ്ങളെ</u> മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ" (2 തെസ 2,15).

"അലസതയിലും, ഞങ്ങളിൽനിന്നു സ്വീകരിച്ച <u>പാരമ്പര്യത്തിനിണങ്ങാത്ത</u> രീതിയിലും ജീവിക്കുന്ന ഏതൊരു സഹോദരനിലും നിന്ന് ഒഴിഞ്ഞു നിൽക്കണമെന്നു സഹോദരരേ, കർത്താവിൻെറ നാമത്തിൽ ഞങ്ങൾ നിങ്ങളോടു കൽപിക്കുന്നു" (2തെസ 3,6).

വചനങ്ങളൊരിക്കലും ക്രിസ്തു ജീവിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിരുന്ന സമയങ്ങളിൽ രൂപപ്പെട്ടിട്ടുള്ളവയല്ല. മറിച്ച്, കർത്താവ് പറഞ്ഞതും പഠിപ്പിച്ചതും പ്രസംഗിച്ചതും കാണിച്ച് തന്നിട്ടുള്ളതുമായ വചനങ്ങൾ ആദിമ സഭയുടെ ജീവിത ശൈലിയായി രൂപപ്പെട്ടു. ഇതിനെ പാരമ്പര്യം എന്ന് വിളിക്കാം. ഈ പാരമ്പര്യങ്ങൾ തലമുറകൾ കഴിയുംതോറും നശിക്കുന്നു എന്നുള്ള നില വന്നപ്പോൾ ആദിമശിഷ്യർ ക്രിസ്തു പറഞ്ഞതും പഠിപ്പിച്ചതുമായ പര്യമ്പര്യങ്ങളെ എഴുതി ക്രോഡീകരിച്ചു. അതാണ് ഇന്ന് നാം സ്വന്തമാക്കിയിട്ടുള്ള "എഴുതപ്പെട്ട വചനമായ സുവിശേഷം." എഴുതപ്പെട്ട വചനത്തേക്കാൾ ആദിമസഭിയിൽ വില കൽപ്പിക്കുന്നത് എഴുതപ്പെടാത്ത പാരമ്പര്യങ്ങൾക്കാണ്. ഈ പാരമ്പര്യങ്ങളെ ഉയർത്തിപ്പിടിക്കേണ്ടതും വിലമതിക്കേണ്ടതും ഇന്നത്തെ ക്രൈസ്തവരുടെ ദൗത്യമാണ്. പക്ഷെ, പാരമ്പര്യങ്ങളുടെ പേരിൽ ദൈവം

നൽകിയിട്ടുള്ള കൽപ്പനകളെ കാറ്റിൽ പറത്തുവാൻ ആരെയും സഭ അനുവദിക്കുന്നില്ല. കർത്താവ് നൽകിയിട്ടുള്ള കൽപനകൾ ഏവയെന്ന് നമുക്കറിയാം.

"ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35).

കർത്താവിന്റെ ശിഷ്യരാണ് എന്ന് പറഞ്ഞ് നടക്കാൻ, ക്രിസ്ത്യാനിയാണ് എന്ന് പറഞ്ഞ് നടക്കാൻ എളുപ്പമാണ്. പക്ഷെ, ക്രിസ്തു ജീവിച്ചതുപ്പോലെ ജീവിക്കാൻ ഏറെ ക്ലേശകരമാണ്. ക്രിസ്തു ജീവിച്ചതുപ്പോലെ ജീവിക്കണമെങ്കിൽ ക്രിസ്തു സ്നേഹിച്ചതുപ്പോലെ സ്നേഹിക്കാൻ സാധിക്കണം. സ്വജീവൻ പോലും ബലിയർപ്പിച്ചുകൊണ്ടാണ് അവൻ നമ്മളെ സ്നേഹിച്ചത്. അതും പാപികളും, ബലഹീനരും, ഒറ്റികൊടുത്തവരും, തള്ളിപറഞ്ഞവരുമായ നമ്മുക്ക് വേണ്ടി. അതുകൊണ്ട് തന്നെയാണ് ക്രിസ്തു പറഞ്ഞ് വച്ചത്, "നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35).

"ഫലത്തിൽനിന്നു വൃക്ഷത്തെ അറിയുക" എന്നതിൽ ക്രിസ്തു ഒളിപ്പിച്ച് വയ്ക്കുന്നത് ഒറ്റ ചോദ്യം മാത്രമുള്ള ഒരു 'മിഡ് ടേം' പരീക്ഷയാണ്. ഈ പരീക്ഷ പാസാകുന്നവർക്ക് സ്വർഗ്ഗം സ്വന്തമാക്കാം.

"നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറ പ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും. ഓരോ വൃക്ഷവും ഫലം കൊണ്ടു തിരിച്ചറിയപ്പെടുന്നു. മുൾച്ചെടിയിൽനിന്ന് അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നിന്നു മുന്തിരിപ്പഴമോ ലഭിക്കുന്നില്ലല്ലോ. നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നൻമ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിൻമയിൽ നിന്നു തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിൻെറ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്" (ലൂക്കാ 6,43-45).

ഇന്നത്തെ സമൂഹത്തിന്റെ വലിയ തിന്മ; "ജീവിതത്തെ മറക്കുന്ന പ്രാർത്ഥയും, സഹോദരനെ ഒരു കല്ലേറു ദൂരം അകറ്റി നിർത്തുന്ന ജീവിതവും, സങ്കടങ്ങൾ മനസ്സിലാക്കാത്ത ഹൃദയവുമാണ്!"

ഹൃദയത്തിന്റെ നിറവിൽ നിന്ന് തന്നെയാണ് അധരം സംസാരിക്കുന്നതും കൈകൾ ചലിക്കുന്നതും. ഹൃദയത്തിൽ കള്ളം ഒളിപ്പിച്ച് വച്ച് എല്ലാ കലവും മറ്റുള്ളവരെ പറ്റിക്കാനും കബളിപ്പിക്കാനും സാധിക്കുകയില്ല. നന്മ ചെയ്യാൻ കാലിൽ ചിറക് മുളപ്പിച്ച് പറന്ന് നടക്കണമെങ്കിൽ ഹൃദയത്തിൽ നന്മ പൂക്കേണ്ടിയിരിക്കുന്നു. കാരണം, വചനം ഓർമ്മപ്പെടുത്തുന്നു, "നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നൻമ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിൻമയിൽ നിന്നു തിൻമ പുറപ്പെടുവിക്കുന്നു."

"കർത്താവ് വെറുക്കുന്ന ആറ് കാര്യങ്ങളുണ്ട്;
ഏഴാമതൊന്നുകൂടി അവിടുന്ന്‌ മ്ലേച്ഛമായി കരുതുന്നു.
ഗർവു കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്,
നിഷ്‌കളങ്കമായ രക്തംചൊരിയുന്ന കൈ, ദുഷ്‌കൃത്യങ്ങൾ നിനയ്‌ക്കുന്ന
ഹൃദയം, തിൻമയിലേക്കു പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞുകൂട്ടുന്ന
കള്ളസാക്‌ഷി, സഹോദരർക്കിടയിൽ ഭിന്നത വിതയ്‌ക്കുന്നവൻ. "

സുഭാ 6,16-19

ഫാ. ജോബി മേനോത്ത്
+91 944 7777 931